# e-ത@ൾ



## ലിറ്റിൽ കൈറ്റ്സ് 2018-19

**എസ്.എം.എം.എച്ച്.എസ്.എസ്. രായിരിമംഗലം**

# പത്രാധിപസമിതി

ചീഫ്എഡിറ്റർ : മസ്റൂർ പി.കെ

സബ് എഡിറ്റർ : റീബ.കെ

സ്റ്റുഡന്റ് എഡിറ്റർ : സോനാ ജാസ്മിൻ 9I
റിഷാനാ റഷീദ് പി പി 9E
ജുഫ്ന ജാസ്മിൻ കെ കെ 9R
ഫർഷിദ എം പി 9 R
ഫർഹാന ജുബി വൈ പി 9 A
ഹിദഷെറിൻ. എ.പി 10 C
അഫ്ലഹ് സി പി 10 R

ഉപദേശക സമിതി : സതീശൻ പി (ഹെഡ്മാസ്റ്റർ)
മജീഷ് കുമാർ വി കെ (പ്രിൻസിപ്പാൾ)
അനിൽ കുമാർ കെ
മുഹമ്മദ് ഇക്ബാൽ പി
ഷിജി
പ്രതാപൻ പി

# (ആ)മുഖമൊഴി

ഇത് പുതിയ കാലം
ആധുനിക ജീവിതത്തെ നവീകരിക്കുന്ന
വിദ്യാഭ്യാസം
കുട്ടികളുടെ അവകാശമാകുന്നു.
വിവര വിനിമയ സാങ്കേതിക വിദ്യ
നമ്മുടെ ജീവിതത്തെ
അടിമുടി സ്വാധീനിക്കുന്ന
ഇക്കാലത്ത്
കുട്ടികളെ അതാർജ്ജിക്കുന്നതിന്
പ്രാപ്തരാക്കേണ്ടിയിരിക്കുന്നു.
അതിന്റെ നിദർശനമാണ്
**e-തൾ**
കുട്ടികളുടെ സ്വച്ഛമായ ഹൃദയസ്പന്ദനങ്ങളാണ്
ഇതിൽ
ഉൾച്ചേർത്തിരിക്കുന്നത്
ഇതളുകളിലെ
സർഗലാവണ്യം
സ്വീകരിക്കണമെന്ന
ഹൃദയപൂർവകമായ
അപേക്ഷയോടെ..

പത്രാധിപസമിതി

# സന്ദേശം

വിവര സാങ്കേതിവിദ്യയിലധിഷ്ഠിതമായ സമഗ്രവിദ്യാഭ്യാസം കേരളത്തിൽ പ്രാവർത്തികമാകുന്ന ശുഭസൂചനകൾ ഇപ്പോൾ തന്നെ പ്രകടമാണ്. ആധുനിക വിവരസാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിന് കഠിന ശ്രമങ്ങൾ അങ്ങേയറ്റം ശ്ലാഘനീയമാണെന്ന് പറയാതെ വയ്യ. അതിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന **e-തൂ@ൾ** ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ഹെഡ്മാസ്റ്റർ**

നമ്മുടെ വിദ്യാലയത്തിലെ 'ലിറ്റിൽ കൈറ്റ്സ് ' വിഭാഗം പ്രസിദ്ധീകരിക്കുന്ന **e-തൂ@ൾ** ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങളും അറിയിക്കുന്നു

**പ്രിൻസിപ്പാൾ**

ഡിജിറ്റൽമേഖലയിലെ ഈ ആദ്യ സംരംഭം **e-തൂ@ൾ** പുതിയൊരൊണർവും ഊർജ്ജവും പകരട്ടെ എന്ന് ആശംസിക്കുന്നു.

**മാനേജ്മെന്റ് കമ്മറ്റി**

## ഉള്ളടക്കം

മഴ.....5
ലിറ്റിൽ കൈറ്റ്സ് ;.....6
കുട്ടികളുടെ ഐ.ടി. കൂട്ടായ്മ.....6
കൂട്ടുകാരൻ.....8
തലസ്ഥാന നഗരിയിൽ ഒരുദിനം.....9
അവഗണിക്കപ്പെടുന്ന വാർദ്ധക്യം.....10
പുനർവിചാരം.....12
ദൈവമായി വന്ന മനുഷ്യൻ.....13
വെള്ളാരം കുന്നിനുമപ്പുറത്ത്.....14
എന്റെ സഞ്ചാരം.....16
ചേച്ചി പഠിക്കൂ , ഞാനില്ലേ സഹായിക്കാൻ.....19
വരകൾ,വർണ്ണങ്ങൾ.....23



ഫർഹാന ജബി വൈ പി
൯ A

# മഴ

(കവിത)

നനഞ്ഞൊലിച്ച ഓരോ മഴയിലും
ചുക്കാൻ പിടിച്ച ഒരു പാട് ഓർമകളുണ്ട്.
സ്കൂൾ വിട്ട് മഴ നനഞ്ഞ ഓരോ ദിനങ്ങളും
മനസ്സിൽ സന്തോഷം തരുന്നതായിരുന്നു.

പുസ്തകം മാറോടടുക്കിപ്പിടിച്ച്
അന്നൊക്കെ ഒരു ഓട്ടമായിരുന്നു.
നെഞ്ചിനടുത്ത പിടിച്ച ചോറ്റുപാത്രം
തമ്മിൽ കൂട്ടിമുട്ടുന്ന ശബ്ദം

ഓട്ടത്തിന് പ്രചോദനമായിരുന്നു.
പൂക്കാമരക്കൊമ്പുകൾ ഇലകളെ
അതിവേഗം അടർത്തി വീഴ്ത്തി
മഴയെ വരവേൽക്കുന്നു.

പ്രകൃതി മുഴുവൻ മഴയെ വരവേൽക്കുമ്പോ..
ഞാനും അതിൽ പങ്കാളിയായി.
എന്നും ആ കാർമേഘങ്ങളെമൂടാൻ
ഒരു കാർമേഘത്തിനും കഴിഞ്ഞിട്ടില്ല.

മസ്റൂർ പി കെ

# ലിറ്റിൽ കൈറ്റ്സ് ;

# കുട്ടികളുടെ ഐ.ടി. കൂട്ടായ്മ

ലേഖനം

വിദ്യാഭ്യാസ രംഗം അടിമുടി നവീകരിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാംകടന്നുപോകുന്നത്. ക്ലാസ്സ് റൂമുകൾ മാത്രമല്ല, അധ്യാപകരും വിദ്യാർത്ഥികളും 'ഹൈടെക് ' ആയിമാറുന്ന കാഴ്ചയാണ് നാമിന്ന് കാണുന്നത്. വിവര സാങ്കേതിക വിദ്യ അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്ന ഈ വർത്തമാനകാലത്ത് ജീവിതത്തിന്റെ നാനാമണ്ഡലങ്ങളിലും അതിന്റെ സർവ്വവ്യാപിയായ സ്വാധീനം കാണാം. അതിനനുസൃതമായ രീതിയിൽ നിപുണരാക്കി വളർത്തിക്കൊണ്ടു വരേണ്ടിയിരിക്കുന്നു. ആ മഹത്തായ ലക്ഷ്യം മുന്നിൽ കണ്ട് കേരളസംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഐടി സ്കൂൾ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയാണ് 'ലിറ്റിൽ കൈറ്റ്സ് '.

വിദ്യാലയങ്ങളിലെ വിവരസാങ്കേതിക വിദ്യാഭ്യാസത്തിന് സർവാത്മനായുള്ള പിന്തുണ നൽകാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് ലിറ്റിൽ കൈറ്റ്സിന്റെ പ്രാഥമിക കർത്തവ്യം. അതോടൊപ്പം തന്നെ ഐടി രംഗത്തെ വിവിധ മേഖലകളിൽ അവരെ പ്രാവീണ്യമുള്ളവരാക്കിത്തീർക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് കഠിന ശ്രമം നടത്തുന്നത്.ഗ്രാഫിക്സ്, അനിമേഷൻ, പ്രോഗ്രാമിംഗ്,ഹാർഡ് വെയർ,തുടങ്ങിയമേഖലകളിൽ കുട്ടികൾക്ക് അതിവിദഗ്ദ്ധമായ പരിശീലനം നൽകുവാനും ലിറ്റിൽ കൈറ്റ്സ് ഉത്സാഹിക്കുന്നു.നമ്മുടെ വിദ്യാലയത്തിൽ നാല്പതോളം കുട്ടികൾ ലിറ്റിൽ കൈറ്റ്സിന് കീഴിലുണ്ട്.മസ്റൂർ പി കെ, റിബ കെ എന്നിവരാണ് വിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്.



ചെറുകഥ അഫ്നഷെറിൻ. കെ.പി.
IX- E

# കൂട്ടുകാരൻ



മണലിലൽ കാലുറച്ച് നടക്കാൻ തുടങ്ങിയ കാലം മുതൽ എന്റെ കൂടെ നീയും ഉണ്ട്. നിന്നെ എനിക്ക് മതിയാകാതെ വരുമ്പോഴാണ് ഞാൻ വളരുന്നതുപോലും ഞാനറിഞ്ഞത്. വെയിലിലും ചെളിയിലും കല്ലിലും മുള്ളിലും നീ എന്റെ സംരക്ഷകനായി. എന്റെ കുതിപ്പിലും കിതപ്പിലും നീ എന്റെ കൂടെ നിന്നു. എന്റെ ഇഷ്ടങ്ങളുടെ വഴിയിൽ നീ തടസ്സം നിന്നില്ല. ചിലയിടത്ത് നിന്നെ പുറത്തുനിർത്തി അകത്ത് പോയാൽ നിന്നെ മറ്റാരെങ്കിലും കോണ്ടുപോകു എന്നോർത്ത് വല്ലാത്ത അസ്വസ്ഥമാകുന്ന മനസ്സുമായി സമയം തള്ളിനീക്കുന്ന എനിക്ക് തിരികെ വന്ന് നിന്നെ കണ്ടാൽ മാത്രമാണ് സമാധാനമുണ്ടാവുക. അത്രത്തോളം നീയും ഞാനും അടുത്തക്കൂട്ടുകാരനായി വളർന്നു. ഒരിക്കലീലോകത്തോട് വിടപറഞ്ഞ് ഞാൻപോയാൽ നീ തനിച്ചാകും, ആരുടെയെങ്കിലും ഒരു പഴയചാക്കിൽ നീയും യാത്രയാകും

ഹിദഷെറിൻ. എ.പി.
10 C

# തലസ്ഥാന നഗരിയിൽ ഒരുദിനം

തമ്പാനൂർ റെയിൽവെ സ്റ്റേഷനിൽ വണ്ടിയിറങ്ങുമ്പോൾ സമയം പുലർച്ചെ 4 മണി. തലസ്ഥാന നഗരിയിലേക്കുള്ള ഈ യാത്ര ഒരു വേറിട്ട അനുഭവമായിരുന്നു. അവിടെ നിന്ന് ഒരു ടാക്സി വിളിച്ച് ഞങ്ങൾ കിഴക്കേ കോട്ടയിലെത്തി. ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിന് മുമ്പിൽ ഞങ്ങളെത്തുമ്പോൾ ധാരാളം തീർത്ഥാടകരും ഭക്ത ജനങ്ങളും പൂജാകർമ്മങ്ങളും മറ്റുമായി അവിടെ ഉണ്ടായിരുന്നു. അവിടെ നിന്ന് ഞങ്ങൾ ശംഖുമുഖം ബീച്ചിലെത്തി. പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമന്റെ മത്സ്യകന്യക ആ ബീച്ചിനെ കൂടുതൽ സുന്ദരമാക്കി. ശാന്തസുന്ദരമായ ആ കടൽത്തീരത്ത് കുറച്ച് സമയം ഞങ്ങൾ ചിലവഴിച്ചു. തിരുവനന്തപുരത്തെ പ്രധാനബീച്ചുകളായ കോവളം, വിഴിഞ്ഞം, കൊച്ചുവേളി എന്നിവിടങ്ങളിലൂടെ ഞങ്ങൾ സഞ്ചരിച്ചു. പിന്നീട് ഞങ്ങൾ കേരള മ്യൂസിയ(നേപ്പിയർ)ത്തിലെത്തി. രാജഭരണകാലത്തെ സ്മരണകൾ പുതുക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു ആ മ്യൂസിയം. തുടർന്ന് ഞങ്ങൾ മൃഗശാലയിലെത്തി. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പലമൃഗങ്ങളെയും പക്ഷികളെയും അവിടെ സംരക്ഷിച്ചുവരുന്നു. ബസ് യാത്രക്കിടയിൽ എയർപ്പോർട്ട്, ചന്ദ്രശേഖർ സ്റ്റേഡിയം, ആശാൻ സ്മാരകം, ബീമാപള്ളി തുടങ്ങിയ നിരവധി സ്ഥലം കാണാനിടയായി. നിരവധി വിനോദസഞ്ചാരികളുടെയും, അന്യസംസ്ഥാനതൊഴിലാളികളുടെയും വിഹാരകേന്ദ്രം തന്നെയായിരുന്നു കേരളത്തിന്റെ തലസ്ഥാന നഗരം. കേരളത്തിന്റെ തെക്കൻ ജില്ലകളിലൂടെ ഈ യാത്ര തികച്ചും അവിസ്മരണീയമായിരുന്നു.





റഫ്‌ല ഷെറിൻ. കെ.പി.
9-E

# അവഗണിക്കപ്പെടുന്ന വാർദ്ധക്യം

അഭയമില്ലാതെ അലയുന്നവർ മനം തകർന്നവർ, ബന്ധുക്കൾ ഉപേക്ഷിച്ചവർ,ഗത്യന്തരമില്ലാതെ ജീവിതം സ്വയം അവസാനിപ്പിച്ചവർ എന്നിങ്ങനെയുള്ളവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. സ്വന്തം ജീവിത രക്തം വിയർപ്പാക്കി ഉണ്ടാക്കിയവയെല്ലാം തട്ടിപ്പറിക്കുന്ന മക്കളും ബന്ധുക്കളും നിഷ്കരുണം തെരുവിലേക്കും വൃദ്ധസദനങ്ങളിലേക്കും വലിച്ചെറിയപ്പെടുന്ന സുമനസ്സുകളുടെ എണ്ണം കൂടുന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഈ വിപത്തിനെ കയ്യും കെട്ടി നോക്കിനിൽക്കാൻ ഇനിയുമാകില്ല. മുതിർന്നവരോട് സ്നേഹമായി പെരുമാറുക എന്ന പ്രാഥമിക തത്ത്വം പോലും മലയാളി മറന്നിരിക്കുന്നു.



പാശ്ചാത്യരാജ്യങ്ങളിൽ സംസ്കാരത്തിന്റെ ഭാഗമായിത്തീർന്ന വൃദ്ധ സദനങ്ങൾ നമ്മുടെ നാട്ടിലും വൻ വ്യവസായമായി മാറിക്കൊണ്ടിരിക്കുന്നു. വീട്ടിനുള്ളിലും പുറത്തും ഒറ്റപ്പെടലും അപമാനപ്പെടലും അവഗണനയും രോഗങ്ങളും കൊണ്ട് വീർപ്പുമുട്ടി കഴിയുകയും എന്നാൽ പ്രതികരിക്കാൻ കഴിയുകയും എന്നാൽ പ്രതികരിക്കാൻ കഴിയാതെ നിസ്സഹായരീതിയിൽ ജീവിതം തള്ളിനീക്കപ്പെടുകയും ചെയ്യേണ്ടി വരുന്നവരാണ് നമ്മുടെ സമൂഹത്തിലെ മുതിർന്ന പൗരന്മാർ(വൃദ്ധർ). ജീവിതത്തിന്റെ വസന്തകാലത്തിൽ ചുറ്റിലും പ്രകാശം പരത്തിയ ഇവരെ പിന്നെ കുടുംബങ്ങളിൽ നിന്ന് നിഷ്കരുണം പുറത്താക്കപ്പെടുന്ന അവസ്ഥയാണുള്ളത്.

ആഗോളതലത്തിൽ ശ്രദ്ധേയമായിക്കൊണ്ടിരിക്കുന്ന ഒരു വലിയ സാമൂഹ്യ പ്രശ്നമാണ് വൃദ്ധജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ ആശുപത്രി മോർച്ചറികളിൽ ഇന്ന് അജ്ഞാതരുടെ മൃതദേഹങ്ങൾ കുന്നുകൂടുകയാണ്. ദിവസേന ഇന്ത്യയിലെ പല ആശുപത്രികളിൽ നിന്ന് ഉറ്റവരും ഉടയവരുമില്ലാത്ത നിരവധി മൃതദേഹങ്ങളാണ് കുഴിച്ചുമൂടുന്നത്. വൃദ്ധജനങ്ങൾ പ്രത്യേകിച്ച് വൃദ്ധ സ്ത്രീകൾ പലവിധ ചൂഷണങ്ങൾക്കും വിധേയരാകുന്നു. പണം ആഭരണം തുടങ്ങിയവ ഇവരിൽ നിന്ന് തട്ടിപറിക്കുന്നു. സ്വഭാവരീതിയനുസരിച്ച് വൃദ്ധജനങ്ങളെ മൂന്ന് വിഭാഗമായി കണക്കാക്കാം.

1. തങ്ങളുടെ അഭിപ്രായങ്ങൾ ആരും കേൾക്കുന്നില്ല.

2. തങ്ങളെ എല്ലാവരും അവഗണിക്കുന്നു.

3. കാര്യത്തിന് എനിക്ക് വലിയറോളൊന്നുമില്ല. (എന്റെ വാക്കിന് പ്രസക്തിയില്ല)ഇങ്ങനെയാണ് ഇവരുടെ ചിന്ത. ഇനിയുള്ള കാലങ്ങളിൽ വരാൻ പോകുന്ന ഏറ്റവും വലിയ സാമൂഹ്യപ്രതിസന്ധി വൃദ്ധജനങ്ങളുടെ ശരിയായ സംരക്ഷണ പ്രശ്നമാണ്. സമ്പത്ത് ഉള്ളവർ, ഇല്ലാത്തവർഎന്ന ഭേദമില്ലാതെ ഈ പ്രതിസന്ധി എല്ലാ വിഭാഗം ജനങ്ങളെയും വ്യാപകമായി ബാധിച്ചിട്ടുണ്ട്. കൂടുതലും പാവങ്ങളാണ് ഇതിന്റെ ഇരകൾ. സമയത്തിന് ആഹാരമോ ആശ്രയമോ ഇല്ലാതെ ഒറ്റപ്പെടുകയാണിവർ.



അംന ഷെറിൻ എ കെ
10 K

# പുനർവിചാരം

## കവിത



ഇന്നലെകൾ
അതെനിക്കിന്നു നഷ്ടമായിരിക്കുന്നു.
കൊഴിയുന്ന ഓരോ നിമിഷവും
വീണ്ടെടുക്കാൻ കഴിയാത്തത്ര
വിദൂരതയിലേക്കെത്തിയിരിക്കുന്നു.
ചെയ്തുപോയ കർമങ്ങളത്രയും
എന്നെ വേട്ടയാടിക്കൊണ്ടിരിക്കുന്നു.
പരസ്പരം കലഹിച്ചും പരിഹസിച്ചും
എത്ര നാൾ കടന്നുപോയി.
വരാനിരിക്കുന്ന യാത്രയുടെ ദൈർഘ്യമെല്ലാം
ദൈവനിശ്ചയം.
ഇതാ ഇതു നിന്റെ അവസാന നിമിഷമെന്ന്
കരുതി ഉണർച്ചയിലേക്കുണരുക.
ഇനിയും ഒരു പുനർവിചാരണയ്ക്കൊരുങ്ങിയില്ലെങ്കിൽ
ജീവിതം
ഒരു പാഴ്ക്കഥയ്ക്കു സമം

ഷഹന. സി
10 C

# ദൈവമായി വന്ന മനുഷ്യൻ

പലപ്പോഴും തോന്നാറുണ്ട മറ്റുള്ളവരെപ്പോലെ പള്ളിക്കൂടത്തിൽ പോകണമെന്ന്. എന്റെ പ്രായത്തിലുള്ള മറ്റുകുട്ടികൾ എല്ലാം പുതിയ ബാഗും കുടയും തൂക്കി പള്ളിക്കൂടത്തിൽ പോകുന്നത് കാണുമ്പോളാണ് അമ്മയും അച്ഛനും ഇല്ലാത്തവിഷമം മനസ്സിൽ ആഴത്തിൽ കുത്തിനോവിക്കുന്നത്. എന്നാൽ മറ്റുള്ള സമയങ്ങളിൽ മുത്തുവിന്റെ കൂടെ ചിലവഴിക്കുമ്പോൾ ആ വിഷമം തോന്നാറില്ല. മുത്തു എന്നെപ്പോലെ പള്ളിക്കൂടത്തിൽ പോകണമെന്ന് ആഗ്രഹിച്ചിട്ടില്ല. എപ്പോഴും ഉല്ലസിച്ചുനടക്കുന്നതാണ് അവനിഷ്ടം. ഞാൻ ചിലപ്പോഴൊക്കെ പള്ളിക്കൂടത്തിന്റെ വാതിൽക്കൽപോയി നിൽക്കാറുണ്ട്. അവിടുത്തെ ക്ലാസ്സ് റൂമുകൾ കാണുമ്പോൾ കയറിയിരുന്ന പഠിക്കാൻ തോന്നും. എന്നാൽ പറ്റില്ല എന്ന് എനിക്കറിയാം. അതുകൊണ്ട് സങ്കടത്തോടെ മടങ്ങും. എന്നെത്തെയും പോലെ ഇന്നും അവിടെപോയിനിന്നു. അപ്പോഴാണ് ഞാൻ പുതിയൊരു ചങ്ങാതിയെ കണ്ടുമുട്ടിയത്. എന്റെ സങ്കടങ്ങളെല്ലാം കേട്ടുകൊണ്ടാകാം അവൾ അവളുടെ അച്ഛനോട് പറഞ്ഞ് ബാഗും മറ്റുസാധനങ്ങളും വാങ്ങിതന്നതോടൊപ്പം എനിക്കും മുത്തുവിനും പള്ളിക്കൂടത്തിൽ സീറ്റ് വാങ്ങിതരികയും ചെയ്തു. ഇതിന്ശേഷമാണ് അവൾ ആ പള്ളിക്കൂടത്തിൽ പഠിക്കുന്ന വിദ്യാരത്ഥിന്യാണെന്ന് ഞാൻ മനസ്സിലാക്കിയത്.



സുനൈന ബാനു സി പി
10K

# വെള്ളാരം കുന്നിനുമപ്പുറത്ത്

ബാഹിസെ, എടാ ബാഹിസെ........ നീ ണീക്കുന്നില്ലേ നേരം എത്രയായിന്നറിയോ ? സ്കൂളില്ലേ നിനക്ക്. വേഗം ണീച്ച് വരാൻനോക്ക്. ഉമ്മ അടുക്കളേന്ന് വുളിച്ച് കൂവാൻ തുടങ്ങി. ഇനി കിടന്നാ ശരിയാവൂല. ബാഹിസ് ണീച്ചു. കിടക്ക മടക്കിവച്ച് അടുക്കള വാതിൽക്കൽ ചെന്ന് നിന്നു.

ഉമ്മാ ആ വെള്ളാരം കുന്നിന്റെ പുറത്ത് എന്താ ഉള്ളത്. ഏത് വെള്ളാരം കുന്ന് ? ഉമ്മ ചോദിച്ചു. വല്യമ്മ ഇടയ്ക്ക് പറയാറില്ലെ ഉമ്മാ വെള്ളാരം കുന്ന്, അതിനപ്പുറത്ത് നല്ല ഭംഗിയുള്ള ഒരുപാട് കാഴ്ചകളുണ്ടെന്ന് വല്യുമ്മ പറയാറുണ്ട്.

ആ വെള്ളാരം കുന്നിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. എടാ നീയെ കുളിച്ച് നിന്റെ പണിയൊക്കെ കഴിച്ച് സ്കൂളിൽ പോവാൻ നോക്ക് വെള്ളാരം കുന്ന് അവിടെതന്നെയുണ്ടാകും. അതിനപ്പുറത്തെ കാഴ്ചയെന്തെന്ന് നിന്റെ വല്യമ്മയോട് തന്നെ ചോദിക്ക്. ഇപ്പൊ നീ നിന്റെ പണിനോക്ക്. ബാഹിസ് നേരെ കുളിക്കാൻ ചെന്നു. കുളി കഴിഞ്ഞ് വരുമ്പോഴേക്ക് ഉമ്മ ചായയും കടിയും തയ്യാറാക്കി വെച്ചു. ശരി ഉമ്മാ, ഞാൻ പോയി.

ആരെയും കാണാനില്ലല്ലോ, എല്ലാവരും പോയോ. സ്കൂളിലെത്തി. ഹൈദറും ഷിഹാബും നേരത്തെയെത്തി. ഭാഗ്യത്തിന് അസംബ്ലി തുടങ്ങുന്നുള്ളൂ. കുറച്ചുകൂടി വൈകിയിരുന്നെങ്കിൽ ആ ഹൈഡ്മാഷെന്നെ ശരിയാക്കിയേനെ. അസംബ്ലി കഴിഞ്ഞ് ക്ലാസ്സിലെത്തി.

ക്ലാസ്സ് കഴിഞ്ഞ് പോവുമ്പോ ബാഹിസ് വെള്ളാരം കുന്നിന്റെ കാര്യം പറഞ്ഞു. എടാ ഹൈദരെ ഇന്നെയും ഞാൻ വെള്ളാരം കുന്ന് സ്വപ്നം കണ്ടു. നമുക്ക് ഒരുദിവസം കുന്ന കയറണം. എന്നിട്ട് അപ്പുറത്തെ കാഴ്ടകൾ കാണണം. എന്തൊക്കെയാണെന്ന് കാണാം.

ബാഹിസിന് വെള്ളാരം കുന്നിന്റെ അപ്പുറത്തെ കാഴ്ച എന്താണെന്ന് ഒരു വലിയ കണക്കുകൂട്ടലുകൾ ഉണ്ട്. അവന്റെ വലിയുമ്മയാണ് അതിന് കാരണം. വെറുതെ ഇരിക്കുമ്പോൾ അവൻ എല്ലാസമയവും വല്യുമ്മയുടെ കൂടെ ആയിരിക്കും. വല്യുമ്മയാണെങ്കിൽ വെള്ളാരം കുന്നിനെ കുറിച്ച് വലിയ ലോകം തന്നെ അവനു പറഞ്ഞുകൊടുത്തിട്ടുണ്ട്. അതിനപ്പുറത്ത് ഒരു കൂട്ടം ആളുകളുണ്ട്. പിന്നെ രാത്രിയിൽ അവിടുത്തെ നക്ഷത്രങ്ങൾക്ക് നല്ല തിളക്കമുണ്ടാവും. അവ ഓരോന്നും നമ്മെ നോക്കി ചിരിക്കും, മിന്നി തിളങ്ങും, പിന്നെ പൂന്തോട്ടം, പഴവർഗ്ഗങ്ങൾ...... അങ്ങനെ വെള്ളാരം കുന്നെന്ന് വെച്ചാൽ ഒരു സ്വർഗ്ഗമാണ് ബാഹിസിന്.

ഹൈദറും, ഷിഹാബും പോയി കഴിഞ്ഞിരുന്നു. ബാഹിസ് വീട്ടിലെത്തി ,കുളിച്ചു. ഏത് നേരത്തും ബാഹിസിന് ആ ഒരു ചിന്ത മാത്രംഉണ്ട് വെള്ളാരം കുന്ന്. എന്തായാലും ഇന്ന് രാത്രി അവിടെ പോകണം രാത്രിയായി വരികയാണ്. അല്ല പോവുംമ്പം അമ്മ ചോദിക്കില്ലേ അപ്പോ എന്താ പറയാ, കുന്ന് കാണാ

നാണെന്ന് പറഞ്ഞാൽ ഉമ്മ വിടില്ല തീർച്ച. ഉമ്മയ്ക്ക് അത് കേൾക്കുന്നതേ ഇഷ്ടമല്ല. അപ്പോ എന്ത് ചെയ്യും.


ആ കിട്ടി, ഷഹാബിന്റെ വീട്ടിലേകാണെന്ന് പറയാം. അതാണ് നല്ലത്. വേഗം കണ്ട് തിരിച്ച് വരാം. അതോടെ എന്റെ ആഗ്രഹം തീരുമല്ലോ. ബാഹിസ് ഉമ്മ വരുവോളം കാത്തു.

ഉമ്മാ .... ഞാൻ ഷിഹാബിന്റെ വീടുവരെ പോയിവരാം. ഈ സമയത്തോ ? ഉമ്മ ചോദിച്ചു. ആ ഉമ്മാ, ഇപ്പൊവരാം .. ഞാൻ പോട്ടെ ?

ശരി പൊയ്ക്കോ.. വേഗം വരണം


ആ ഞാൻ വരാം

ബാഹിസ് ഇറങ്ങിയോടി. നിന്നത് കുന്നിന്റെ താഴെയായിരുന്നു. പതിയെ പതിയെ ബാഹിസ് കുന്നു കയറി. ചെറിയ കുറ്റിചെടികൾ നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു.



അഫ്ലഹ് സി പി
10R

# എന്റെ സഞ്ചാരം




യാത്ര ചെയ്യാൻ ഇഷ്ടമില്ലാത്തവരായിആരെങ്കിലുമുണ്ടോ?പഠിച്ച് മുഷിയുമ്പോഴും വീട്ടിലിരുന്ന് മുഷിയുമ്പോഴും നാടു കാണണമെന്ന ആഗ്രഹം കൂട്ടുകാർക്ക് തോന്നിയിട്ടില്ലേ? വെറും യാത്രകൾക്കുപരി ധാരാളംഅറിവ് നേടാനുള്ള ഒരവസരമാണ് വിനോദയാത്രകൾ.പ്രകൃതിയുടെ പച്ചപ്പും നാടിന്റെ കുളിർമയും ആസ്വദിക്കാനുള്ള അവസരവും കൂടി ലഭിക്കുകയാണ് വിനോദയാത്രകളിലൂടെ.ഇതു പോലെ എന്റെ ചെറിയ യാത്രാനുഭവം ഞാൻ പറയാം.എന്റെ ജീവിതത്തിൽ ഉണർവ് വരുത്തിയ യാത്രയാണ് തിരുവനന്തപുരത്തേക്കുള്ള ഞങ്ങളുടെ കുടുംബ യാത്ര.ട്രെയിനിനാണ് ഞങ്ങൾ തിരുവനന്തപുരത്തേക്ക് പോയത്.അവിടെ ഉപ്പയുടെ സ്നേഹിതന്റെ വീട്ടിലാണ് താമസിച്ചത്. മൂന്ന് ആഴ്ചയോളം അവിടെചുറ്റിക്കണ്ടു.കോവളം, വിഴിഞ്ഞം ,ശംഖുമുഖം,മൃഗശാല, കാഴ്ചബംഗ്ലാവ്, ഇങ്ങനെ ഒരുപാട് സ്ഥലങ്ങൾ ചുറ്റിയടിച്ചു.അതിൽ എനിക്കിഷ്ടപ്പെട്ട സ്ഥലമാണ് ശംഖുമുഖം.



നഗരകേന്ദ്രത്തി ൽ നിന്ന് എട്ട് കിലോമീറ്റർ ദൂരമേയുള്ളൂ ശംഖുമുഖത്തേക്ക.വൈകുന്നേരമാണ്ഞങ്ങൾഅവിടേക്ക്പോയത്കാറിലായിരുന്നുയാത്ര. പോകുന്ന വഴിയിൽതന്നെ നിയമസഭയും സെക്രട്ടേറിയറ്റും കണ്ടു.വിമാനത്താവളത്തി നും വേളി ടൂറിസ്റ്റ് വില്ലേജിനും അടുത്താണ് ശംഖുമുഖം.വിമാനത്താവളത്തിന്റെ മതിലിനു ചേർന്നാണ് പാർക്കിംഗ്.അവിടെ വണ്ടി നിർത്തി.ഞങ്ങൾ ബീച്ചിലേക്ക് നടന്നു.സൂര്യാസ്തമയംകാണാനാണ് സഞ്ചാരികൾ ഇവിടെയെത്തുന്നത്.എന്നാൽ എനിക്ക് സൂര്യാസ്തമയത്തോട് താത്പര്യമില്ല.മുപ്പത്തിയഞ്ച് മീറ്റർ നീളമുള്ള മത്സ്യകന്യകയുടെ ശില്പവും നക്ഷത്രമത്സ്യത്തിന്റെ രൂപത്തിലുള്ള റസ്റ്റോറന്റും എനിക്ക് ആകർഷണീയമായി തോന്നി.പുരാതനമായകൽമണ്ഡപം ,തിരുവിതാംകൂറിൽ ഒരുകാലത്ത് നിലനിന്നിരുന്ന സിംഹങ്ങൾക്ക മുന്നിൽ കുറ്റവാളികളെ വിട്ടുകൊടുത്ത് വധശിക്ഷ നടപ്പിലാക്കിയിരുന്ന സ്ഥലം എന്നീ നിലകളിൽ ശംഖുമുഖം ചരിത്രതാളുകളിൽ ഇടം നേടിയിട്ടുണ്ട്.രാത്രി എട്ടു മണിയായതോടെ ഞങ്ങൾവീട്ടിലേക്ക് പോവാനൊരു ങ്ങി.എന്തൊക്കെയായലും ഇപ്പോഴും എന്റെ മനസ്സിൽ വെളിച്ചമായി ഈ യാത്ര നിറഞ്ഞു നിൽക്കുന്നു.





ഉമ്മുസൽമ
8 B

# ചേച്ചി പഠിക്കൂ , ഞാനില്ലേ സഹായിക്കാൻ..

തിളങ്ങുന്ന കണ്ണുകളോടെ ചേച്ചിയുടെ മുഖത്തേക്ക് ഉറ്റു നോക്കി നിൽക്കുകയാണ് ആ പെൺകുട്ടി.മറിയാ ഡോവ്സ്ക എന്നാമവളുടെ പേര്.മാനിയ, മന്യൂസിയ,ആൻസു പെക്യോ..ഇങ്ങനെ ഓമനപ്പേരുകൾ ഏറെയുണ്ടവൾക്ക്.വീട്ടിലെ പഠനമേശക്കരികിലാണ് മരിയയും ചേച്ചി ബ്രോണിയയും.മേശപ്പുറത്ത് അവരുടെ സമ്പാദ്യക്കുടുക്കയുണ്ട്.അതിലെ പണം എണ്ണിത്തിട്ടപ്പെടുത്തുകയാണ് ബ്രോണിയ.പണമെത്രയുണ്ടാകും ?അത് ആവശ്യത്തിന് തികയുമോ?ഇങ്ങനെ ഒരുപാട് ചോദ്യങ്ങളുടെ വീർപ്പ് മുട്ടലിലാണവർ.മരിയ ഉയർന്ന മാർക്കോടെ സ്കൂൾ പഠനം പൂർത്തിയാക്കിയിരുന്നു .ബ്രോണിയയും പഠനത്തിൽ മിടുമിടുക്കിയാണ്.നല്ലൊരു ഡോക്ടറാവണം.അതാണവളുടെ ആഗ്രഹം.മരിയയ്ക്ക് ശാസ്ത്രംപഠിക്കാനാണ് താത്പര്യം.പക്ഷേ അവളുടെ ജന്മനാടായ പോളണ്ടിൽ നിന്നാൽ ഇതൊന്നും നടക്കില്ല.സർ ചക്രവർത്തി ഭരിക്കുന്ന റഷ്യയുടെ അധീനതയിലാണ് പോളണ്ട്.അവർ സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം വിലക്കിയിരിക്കുക യാണ്.പഠിക്കണമെങ്കിൽ വിദേശത്തു പോകണം.അതിന് ധാരാളം പണം വേണം.അവരുടെ സഹോദരൻ ജോസഫും ഹെലനും വിദ്യാർത്ഥികളാണ്.എല്ലാ ചെലവുകളും കൂടി അവളുടെ



പപ്പയ്ക്ക് താങ്ങാനാവില്ല. പഠിക്കാനുള്ള പണം സ്വയം കണ്ടെത്തിയേ പറ്റൂ.അതിനും ആ സഹോദരമാർ വഴി കണ്ടെത്തി.സമീപപ്ര ദേശങ്ങളിലെല്ലാം കുട്ടികൾക്ക് ട്യൂഷനെടുക്കുക.അങ്ങനെ സമ്പാദിച്ച പണമാണ് സമ്പാദ്യക്കുടുക്കയിൽ.ഒടുവിൽ പണമെണ്ണിത്തീർന്ന് ബോണിയ മുഖമുയർത്തി.ആ മുഖം മങ്ങിയിരുന്നു.

" യാത്രയ്ക്കും ഒരു വർഷത്തെ താമസത്തിനും ഇതു മതി പക്ഷേ മെഡിക്കൽ പഠനം പൂർത്തിയാക്കാൻ നാല് വർഷങ്ങൾ കൂടിയുണ്ടല്ലോ.എന്തു ചെയ്യും? "

"ചേച്ചി പഠിക്കൂ ഞാനുണ്ടല്ലോ സഹായിക്കാൻ"-മരിയയുടെ മറുപടി പെട്ടെന്നായിരുന്നു.

“നീയോ ..നീയെങ്ങനെ സഹായിക്കും?”

“ ഞാനെന്റെ പഠിത്തം തത്ക്കാലം നിർത്തി വയ്ക്കുന്നു.എന്നിട്ട് ജോലി ചെയ്ത് ചേച്ചിയെ

സഹായിക്കാം.ചേച്ചി പഠിച്ച ഡോക്ടറായാൽ എനിക്ക് പഠനം തുടരാമല്ലോ”- മരിയ ആത്മവിശ്വാസത്തോടെ പറഞ്ഞു.

പഠനത്തിൽ മിടുക്കിയായ മരിയ പറഞ്ഞത് ബോണിയയക്ക് വിശ്വസിക്കാനേ കഴിഞ്ഞില്ല.നീണ്ട വാഗ്വാദങ്ങൾക്കൊടുവിൽ മരിയ ചേച്ചിയെ പറഞ്ഞു സമ്മതിപ്പിച്ചു.

വൈദ്യശാസ്ത്രപഠനത്തിനായി ബോണിയ പാരീസിലേക്ക് പോയി.ഒരു ധനികകുടുംബത്തിൽ താമസിച്ച്, അവിടെയുള്ള കുട്ടികൾക്ക് ട്യൂഷനെടുത്ത് മരിയ ചേച്ചിയുടെ പഠനത്തിന് പണം കണ്ടെത്തി. പിന്നീട് സർബോൺ യൂനിവേഴ്സിറ്റിയിൽ ചേർന്ന് പഠനം തുടരുകയും ചെയ്തു.

പ്രതിബന്ധങ്ങൾക്ക് നടുവിൽ തളരാതെ അവയെല്ലാം പരിഹാരം കണ്ടെത്തി പൊരുതി മുന്നേറിയ മരിയ എന്ന പെൺകുട്ടി ആരാണെന്നോ?

മാഡം സ്ക്ലോഡോവ്സ്ക ക്യൂറി ! അതെ, ലോകപ്രശസ്തയായ മാഡം ക്യൂറി.



# വരകൾ,വർണ്ണങ്ങൾ

